"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം, പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ ശ്രീമതി. ഷോമ മാത്യുവിന്റെ നിയമനം അംഗീകരിക്കുന്നതിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3248/2026/GEDN തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. കൊല്ലം, പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ ശ്രീമതി. ഷോമ മാത്യുവിന്റെ നിയമനം അംഗീകരിക്കുന്നതിനായി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 09/05/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/08/2025 തീയതിയിലെ DEOPLR/1044/2025-B2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/08/2025 തീയതിയിലെ ഇ.ടി5/14180/2025/ഡി.ജി.ഇ നമ്പർ കത്ത്.
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19-08-2025 തീയതിയിലെ DDEKLM/2421/2025-B6 നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ ശ്രീമതി. ഷോമ മാത്യുവിന്റെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജിയിൽ 20.08.2025 തീയതിയിൽ വാദം കേട്ടു.

2. മാനേജരുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു :

പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ പുനലൂർ സെൻ്റ് ഗൊരേറ്റി എച്ച്.എസ്.എസ് ൽ 2023-24 ലുണ്ടായ ഒരു അധിക തസ്ഥികയിൽ ശ്രീമതി.ഷോമ മാത്യു എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ആയി 3/06/2024 പ്രാബല്യത്തിൽ നിയമിച്ചു. പ്രസ്തുത നിയമനം ചില സാങ്കേതിക തടസവാദങ്ങളുന്നയിച്ച് പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. അതേ തുടർന്നു ഫയൽ ചെയ്ത അപ്പീൽ ഹർജിയും നിരസിക്കപ്പെട്ടു. ഒടുവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്

സമർപ്പിച്ച റിവിഷൻ ഹർജിയും നിരസിച്ചു. അതിനെതിരെയാണ് ഈ റിവ്യൂ ഹർജി സമർപ്പിക്കുന്നത്.

താഴെപ്പറയുന്ന തടസവാദങ്ങളുന്നയിച്ചാണ് റിവിഷൻ ഹർജി നിരസിച്ചത് :

1) അധിക തസ്ഥികയിലെ നിയമനങ്ങൾക്ക് 1:1 റേഷ്യോ പ്രകാരം സംരക്ഷിത

അധ്യാപക നിയമനം നടത്തിയിട്ടില്ല.

2) നിയമിത കെ.ടെറ്റ് കാറ്റഗറി 3 തത്തുല്യ യോഗ്യത നേടിയിട്ടില്ല.

മേൽ വിവരിച്ച തടസവാദങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1) അധിക തസ്ഥികകളിൽ 1:1 റേഷ്യോ പ്രകാരം സംരക്ഷിത അധ്യാപക നിയമനം നടത്തണമെന്ന വ്യവസ്ഥയ്ക്കെതിരെ ഫയൽ ചെയ്ത ഹർജികൾ ഇപ്പോഴും ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതിനാൽ കോടതിയുടെ വിധിന്യായ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച്കൊള്ളാമെന്ന മാനേജരുടെ സത്യപ്രസ്ഥാവനയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകണമെന്നാണ് ഇക്കാര്യത്തിൽ സർക്കാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുള്ള ഉത്തരവ്. എന്നിരിക്കെ ഈ ഘട്ടത്തിൽ 1:1 റേഷ്യോ പാലിക്കണമെന്ന തടസവാദം ക്രമപ്രകാരമാണെന്ന് തോന്നുന്നില്ല.

2) നിയമിത പിന്നീട് കെടെറ്റ് കാറ്റഗറി 3 യോഗ്യത നേടിയിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ശ്രീമതി.ഷോമ മാത്യു വിന്റെ 03/06/2024 മുതലുള്ള നിയമനം അംഗീകരിച്ച കിട്ടുന്നതിനാണ് ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :

പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന പുനലൂർ, കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെൻ്റിൽപ്പെട്ട പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസിൽ 2023-24 വർഷത്തെ എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധിക തസ്തികയിൽ ശ്രീമതി.ഷോമ മാത്യു- നെ 03/06/2024 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 12 വരുത്തിയ ഭേദഗതി പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകളും ഡിവിഷനുകളും അനുവദിക്കുന്നത് വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ നടത്തുന്ന പരിശോധനയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി ലഭ്യമായ ശേഷം ഒക്ടോബർ 1 മുതൽ ആണ്.

ടി കാരണത്താൽ നിയമന പ്രൊപ്പോസൽ ലഭ്യമായ അവസരത്തിൽ 2023-24 അധിക തസ്തിക അനുവദിച്ചിരുന്നില്ല ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിരുന്നില്ല. കൂടാതെ അധിക തസ്തികയിലെ നിയമനങ്ങൾക്ക് കെ.ഇ.ആർ അദ്ധ്യായം 21 റൂൾ 7(2) പ്രകാരം 1:1 റേഷ്യ പാലിച്ച് സംരക്ഷിത അധ്യാപകരെ മാനേജർ നിയമിക്കേണ്ടതുണ്ട്. ടി സ്കൂളിൽ ഭിന്നശേഷി സംവരണം

പാലിച്ച് നിയമനം നടത്തിയിട്ടില്ല, നിയമനാർഥി കെ.ടെറ്റ് കാറ്റഗറി 3 യോഗ്യത നേടിയിട്ടില്ല, ജോയിനിംഗ് റിപ്പോർട്ടിൽ ഓഫീസ് സീൽ പതിച്ചിട്ടില്ല, നിയമനാർത്ഥി സർക്കാർ ഉത്തരവ് നമ്പർ ജി ഒ (പി) 29/2016 പൊവിവ തീയതി 29-01-2016 പ്രകാരമുള്ള സത്യപ്രസ്ഥാവന സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിരസിച്ചു നൽകി.

തുടർന്ന് മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും മേൽ പറഞ്ഞ കാരണങ്ങളാൽ തന്നെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിക്കുകയുണ്ടായി. തുടർന്ന് പൊതു വിദ്യാഭ്യാസ ജെ.ആർ വകുപ്പിന്റെ 23-08-2024 തീയതിയിലെ സ.ഉ. (കൈ) 106/2024.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2023-24 വർഷത്തെ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ നിയമനം നിരസിക്കാൻ ഉണ്ടായ മറ്റ് കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

മേൽ ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിക്കുവാനുള്ള കാരണങ്ങളിൽ ഒന്നൊഴികെ ബാക്കി നിലനിൽക്കുന്നതിനാൽ ടി റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു നൽകുകയുണ്ടായി.

പുനലൂർ സെന്റ്റ് ഗൊരേറ്റി എച്ച്.എസിൽ 2023-24 അദ്ധ്യായന വർഷത്തേക്ക് അനുവദിച്ച എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധിക തസ്തിക 2024-25, 2025-26 വർഷങ്ങളിൽ നിലനില്ക്കുന്നുണ്ട്. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. എന്നാൽ കെ.ഇ.ആർ. അദ്ധ്യായം 21 റൂൾ 7(2) പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 റേഷ്യ പ്രകാരം സംരക്ഷിത അധ്യാപക നിയമനം മാനേജർ നടത്തിയിട്ടില്ല. സമന്വയ റോസ്റ്റർ പ്രകാരം ഭിന്നശേഷി സംവരണം കാറ്റഗറി-2 വിഭാഗത്തിൽ മാനേജർ പാലിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാരി കെ.ടെറ്റ് കാറ്റഗറി 3 തത്തുല്യ യോഗ്യത നേടിയ സർട്ടിഫിക്കറ്റിൻ്റെ പകർപ്പ് അപ്പീലിനോടൊപ്പം സമർപ്പിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അസ്സൽ സർട്ടിഫിക്കേറ്റ് നാളിതുവരെയായി ഹാജരാക്കിയിട്ടില്ല എന്ന് പുനലൂർ ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മാനേജരുടെ റിവിഷൻ ഹർജി പരിഗണനാർഹമല്ല എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

4. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസ്-ൽ 2023-24 വർഷത്തെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) അധിക തസ്തികയിൽ ശ്രീമതി. ഷോമ മാത്യുവിനെ 03.06.2024 മുതൽ മാനേജർ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ആയി നിയമിച്ചു.

അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 ratio പ്രകാരം സംരക്ഷിത അധ്യാപക നിയമനം നടത്തിയിട്ടില്ല, നിയമിത കെ-ടെറ്റ് കാറ്റഗറി 3 യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാലാണ് വിദ്യാഭ്യാസ ഓഫീസർമാർ ഈ നിയമനം അംഗീകരിക്കാത്തത്.

ശ്രീമതി. ഷോമ മാത്യു നിയമന സമയത്ത് തന്നെ കെ-ടെറ്റ് കാറ്റഗറി 3 തത്തുല്യ യോഗ്യത നേടിയതിന്റെ സർട്ടിഫിക്കറ്റ് മാനേജർ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കെ.ഇ.ആർ. അദ്ധ്യായം 21റൂൾ 7(2) പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് സംരക്ഷിത അധ്യാപകരെ മാനേജർ നിയമിച്ചിട്ടില്ല എന്ന വസ്തുത ഇപ്പോഴും നിലനിൽക്കുന്നു. അധിക തസ്തികയിൽ 1:1

റേഷ്യോ പ്രകാരം സംരക്ഷിത അധ്യാപക നിയമനം നടത്തണമെന്ന വ്യവസ്ഥയ്ക്കെതിരെ ഫയൽ ചെയ്ത ഹർജികൾ ഇപ്പോഴും ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ് എന്നിരിക്കെ കോടതിയുടെ വിധിന്യായ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊള്ളണമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി. ഷോമ മാത്യുവിന്റെ നിയമനം 03.06.2024 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിച്ചു .

പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസിൽ 2023-24 അധ്യയന വർഷത്തേക്ക് അനുവദിച്ച എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധിക തസ്തിക 2024-25, 2025-26 വർഷങ്ങളിൽ നിലനിൽക്കുന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണെങ്കിലും കെ.ഇ.ആർ അദ്ധ്യായം 21 റൂൾ 7(2) പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 റേഷ്യോ പ്രകാരം സംരക്ഷിത അധ്യാപക നിയമനം മാനേജർ നടത്തിയിട്ടില്ലാത്തതിനാൽ ശ്രീമതി ഷോമ മാത്യൂവിന്റെ നിയമനം 03.06.2024 മുതൽ ദിവസ വേതനത്തിൽ അംഗീകരിക്കാനാവില്ല.

മേൽ സാഹചര്യത്തിൽ, കെ.ഇ.ആർ അധ്യായം XXI റൂൾ 7(2) പ്രകാരം അധിക തസ്തികകളിൽ പാലിക്കേണ്ട 1:1 അനുപാതത്തിലുള്ള സംരക്ഷിത അധ്യാപക നിയമനം മാനേജർ നടത്തിയിട്ടില്ലാത്തതിനാൽ, പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസിൽ 2023-24 അധ്യയന വർഷം അനുവദിച്ച എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധിക തസ്തികയിലെ ശ്രീമതി. ഷോമ മാത്യുവിന്റെ 03.06.2024 മുതലുള്ള നിയമനം അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്ന് പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ് കോർപ്പറേറ്റ് മാനേജറെ അറിയിച്ച് കൊണ്ട് അപ്രകാരം പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ ശ്രീമതി. ഷോമ മാത്യുവിന്റെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്., പുനലൂർ,കൊല്ലം
ശ്രീമതി. ശ്രീമതി. ഷോമ മാത്യു,എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്), സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്., പുനലൂർ,കൊല്ലം
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 12-05-2026 15:19:50

സെക്ഷൻ ഓഫീസർ